(സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സ്വകാര്യ മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കും. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥിരമായി പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമലംഘനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളിൽ നടത്തിയ സ്ഥാപന പരിശോധനകളിൽ നിയമലംഘനം കണ്ടെത്തിയ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ്സുകളും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാർ

29 (*239) ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും മതിയായ യോഗ്യതയില്ലാത്തവർ മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാരായി പ്രവർത്തിക്കുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥാപനങ്ങൾ മിക്കവയും ചികിത്സക്കായി അമിത ഫീസാണ് വസൂലാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സ്വകാര്യ ചികിത്സാമേഖലയിലെ പ്രസ്തുത ചൂഷണങ്ങൾ തടയുന്നതിന് സമഗ്ര നിയമനിർമ്മാണത്തിന് തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഇല്ല. ആരോഗ്യവകുപ്പിന് നിലവിൽ സ്വകാര്യ ആശുപത്രികളുടെമേൽ യാതൊരു നിയന്ത്രണവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നിയമമാകുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ബില്ലിന്റെ കരട് പ്രസിദ്ധീകരിക്കുകയും എം.എൽ.എ.-മാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയുമാണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്തെ സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുമേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്.

കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടി

30 (*240) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകളുടെ ലഭ്യത കുറവാണെന്ന മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കൂടുതൽ സ്ഥലങ്ങളിൽ കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് തീരുമാനം കൈക്കൊള്ളുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഇല്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ പൊതുവിപണിയിലുള്ള 90% മരുന്നുകളും ലഭ്യമാണ്.

(ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ഇടനിലക്കാരില്ലാതെ മരുന്ന കമ്പനികളിൽനിന്നും നേരിട്ട് മരുന്ന വാങ്ങുന്ന രീതിയാണ് അവലംബിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly